പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1373 **14. 06. 2013-** ലെ മറുപടി

## ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ മേഖലയിൽ നിന്നും പുറത്താക്കപ്പെടുന്ന മലയാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് രാജ്യങ്ങളിലെ പുതിയ തൊഴിൽ നിയമങ്ങളുടെ ഭാഗമായി അവിടെ നിന്നും ഒട്ടേറെ മലയാളികൾ ഉൾപ്പെടെയുള്ളവർ പുറത്താക്കപ്പെടുന്നതായ വിഷയം അറിയുമോ;<br><br>(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ & ബി) ഗൾഫ് നാടുകളിൽ സ്വദേശിവൽക്കരണവും തൊഴിൽനിയമങ്ങളും കർശനമാക്കിയതിനെ തുടർന്ന് നിയമപരമായ സ്പോൺസറുടെ കീഴിൽ തന്നെ ജോലി ചെയ്യാത്തവർക്കും മറ്റ് തൊഴിൽ നിയമങ്ങൾ അനുസരിക്കാതെ ജോലി ചെയ്യുന്നവർക്കും അവരുടെ സ്വദേശത്തേക്ക് മടങ്ങേണ്ട സാഹചര്യം നിലവിലുണ്ട്. |
| (സി) ഇപ്രകാരം പുറത്താക്കപ്പെടുന്നവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനും തടവിലാക്കപ്പെടുന്നവരെ മോചിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ നിയമസഹായം ഉൾപ്പെടെഎന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ; | (സി) കേന്ദ്ര സർക്കാർ മുഖേനയും ബന്ധപ്പെട്ട എംബസികളിലൂടെയും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നയതന്ത്രതലത്തിൽ ബന്ധപ്പെട്ട രാജ്യങ്ങളുമായി ബന്ധപ്പെടുന്നുണ്ട്. നിയമസഹായം ആവശ്യമുള്ള പ്രവാസികൾക്ക് അതു ലഭ്യമാക്കുന്നതിനായി പ്രവാസി ലീഗൽ എയ്ഡ് സെൽ എന്ന ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകി വരികയാണ്. |
| (ഡി) ഇപ്രകാരം ഗൾഫ് രാജ്യങ്ങളിൽ നിന്നും എത്ര പേരെ പുറത്താക്കിയിട്ടുണ്ടെന്നും അതിൽ എത്ര പേർ അവിടെ തടവിൽ കഴിഞ്ഞവരുണ്ടെന്നും ഇപ്പോൾ എത്ര പേർ തടവിൽകഴിയുന്നുണ്ടെന്നും വിശദമാക്കാമോ; | (ഡി) ബന്ധപ്പെട്ട രാജ്യങ്ങൾ ഈ വിവരം ഇന്ത്യൻ എംബസിയെയോ സംസ്ഥാന സർക്കാരിനെയോ അറിയിച്ചിട്ടില്ലാത്തതിനാൽ നോർക്ക വകുപ്പിൽ വിവരം ലഭ്യമല്ല. |

| | |
|---|---|
| (ഇ) ഗൾഫ് രാജ്യങ്ങളിൽ നിന്ന് തൊഴിൽ നിയമങ്ങളുടെ പേരിൽ പുറത്താക്കപ്പെട്ടവരെ സംരക്ഷിക്കുവാൻ എന്തെങ്കിലും പുനരധിവാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;<br><br>(എഫ്) ഇല്ലെങ്കിൽ അവർക്കുവേണ്ടി പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുമോ? | (ഇ & എഫ്) പുനരധിവാസ പാക്കേജ് തയ്യാറാക്കുന്നതിനായി നോർക്ക വകുപ്പു മന്ത്രി ചെയർമാൻ ആയും ചീഫ് സെക്രട്ടറി കൺവീനറായും, ധനകാര്യമന്ത്രി, തൊഴിൽ മന്ത്രി, നഗര വികസനകാര്യ മന്ത്രി, റവന്യൂ മന്ത്രി, എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഉപസമിതി INKEL ചെയർമാൻ അധ്യക്ഷനായും നോർക്ക വകുപ്പ് സെക്രട്ടറി കൺവീനറായും 10 അംഗങ്ങൾ അടങ്ങുന്ന ഒരു ഉപസമിതിയെ ശാസ്ത്ര – സാങ്കേതിക, കച്ചവട, തൊഴിൽ മേഖലകളെ വിശകലനം ചെയ്തുകൊണ്ട് ദീർഘ വീക്ഷണത്തോട് കൂടിയ പുനരധിവാസ പദ്ധതികൾ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തി. ഈ സമിതി പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ